ഇന്റർ നാഷണൽ ബോട്ട് ഷോ

5 [2717] പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. ഇ. എം. അഗസ്തി :
,, പി. ടി. തോമസ്:
,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽക്കുമോ:

(എ) 2003 ഒക്ടോബർ മാസത്തിൽ കൊച്ചിയിൽ നടന്ന ഇന്റർ നാഷണൽ ബോട്ട് ഷോയിൽ എത്ര വിദേശികൾ പങ്കെടുത്തു;

(ബി) പ്രസ്തുത ബോട്ട് ഷോയിൽ എന്തെല്ലാം ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നു;

(സി) കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തി അകാറ്റിക് സ്പോർട്ട്സ് പ്രോൽസാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 2003 ഒക്ടോബർ മാസം കൊച്ചിയിൽ നടന്ന ഇന്റർനാഷണൽ ബോട്ട് ഷോയിൽ 9 വിദേശ സംരംഭകർ അവരുടെ ഉൽപ്പന്നങ്ങൾ മേളയിൽ പ്രദർശിപ്പിച്ചു. കൂടാതെ അന്താരാഷ്ട്ര കമ്പനികളുടെ പ്രതിനിധികളായി 50 വിദേശികൾ ബോട്ട്ഷോയിൽ പങ്കെടുക്കുകയുണ്ടായി.

(ബി) താഴെപ്പറയുന്ന ഇനങ്ങൾ ബോട്ട് ഷോയിൽ ഉൾപ്പെടുത്തിയിരുന്നു:

1. വിവിധ തരം ബോട്ടുകൾ.
2. വിവിധ തരം ബോട്ടുകളുടെ സ്പെയർപാർട്ട്സുകൾ
3. ബോട്ട് ഇന്റീരിയർ ഡിസൈനിംഗ്
4. ബോട്ട് ബ്രോക്കർമാരും-കൺസൽട്ടന്റുമാരും
5. മറൈൻ പബ്ലിക്കേഷനുകൾ
6. മറൈൻ ഫിനാൻസ് & ഇൻഷുറൻസ് സർവ്വീസ്
7. വാർത്താവിനിമയ ഉപകരണങ്ങൾ
8. മറൈൻ ഹാർഡ്വെയർ
9. മറൈൻ സുരക്ഷാ ഉൽപ്പന്നങ്ങൾ
10. ഉല്ലാസനൗക വിഭാഗം.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly